## മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്

# 2026-2027 ബഡ്ജറ്റ് സംഗ്രഹം

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. അപ്രായോഗികതകൾ ഒഴിവാക്കിക്കൊണ്ട് വികസന ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക, ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിഭവങ്ങളുടേയും നേട്ടം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവയാണ് ഭരണസമിതിയുടെ ലക്ഷ്യം. സാമൂഹിക വ്യവസ്ഥിതിയിലും ജീവിത സാഹചര്യങ്ങളിലും ഗുണപരമായ മാറ്റം സൃഷ്ടിക്കുക എന്ന വികസന സങ്കൽപ്പമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ട് വെക്കാനുള്ളത്. അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയും ഗ്രാമപഞ്ചായത്തിലേയും ജീവനക്കാരുടേയും, ഗ്രാമപഞ്ചായത്ത് മെമ്പർമാരുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസന ക്ഷേമ പദ്ധതികൾ നടത്തുന്നതിനാവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തിയതാണ് ഈ വാർഷിക ബജറ്റ്. സർക്കാർ, സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ, വിവിധ വകുപ്പുകൾ എന്നിവയിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകളും തനത് വരുമാനവും കൂടിച്ചേർന്നതാണ് നമ്മുടെ വിഭവ സ്രോതസ്സ്. ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ, ഘടകസ്ഥാപന മേധാവികൾ, നിർവഹണ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നെല്ലാം ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച്, വരുന്ന സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ടതിൽ പ്രാമുഖ്യം നൽകേണ്ടവ ഈ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്.

മാറിയ ജീവിത സാഹചര്യത്തിൽ കാർഷിക മേഖലയിൽ നാം സ്വയം പര്യാപ്തത കൈവരിച്ചേ മതിയാകൂ എന്നതിനാൽ ഉത്പാദന മേഖലയിൽ കൃഷി തന്നെയാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്കെല്ലാം ആവശ്യമായ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുഭിക്ഷ കേരളത്തിൻറെ ഭാഗമായി മത്സ്യകൃഷിക്കായുള്ള പദ്ധതികൾ, മൃഗസംരക്ഷണ പദ്ധതികൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കാർഷിക മേഖലയിലെ വകയിരുത്തലുകളുടെ സംഗ്രഹം ഇപ്രകാരമാകുന്നു.

## ഉൽപ്പാദന മേഖലയ്ക്ക് - 24700000/-

കൃഷിയും അനുബന്ധ മേഖലകളും - **10470000/-** രൂപ
മൃഗ സംരക്ഷണം -**3100000/-** രൂപ
ക്ഷീര വികസനം - സംഭരണവും വിപണനവും - **55,00,000/-** രൂപ
മത്സ്യകൃഷി -**70000/-** രൂപ
ജലസേചനം- **150000/-** രൂപ
വ്യവസായം, തൊഴിൽ സംരംഭങ്ങൾ , വിപണനപ്രോത്സാഹനം - **600000/-** രൂപ
ചെറുകിട വ്യവസായം - **500000/-** രൂപ

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് മുഖ്യമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ബജറ്റിൽ വകയിരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പച്ചതുരുത്ത് ഗ്രാമീണ ടൂറിസം പദ്ധതിയ്ക്ക് ബജറ്റ് ഊന്നൽ നൽകുന്നു.

## സേവന മേഖലയ്ക്ക് - 100715010/-

കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയിലെ പ്രധാന വകയിരുത്തലുകൾ ഇപ്രകാരമാണ്.
പൊതു ശുചിത്വം - മാലിന്യ പരിപാലനം - **5532410/- രൂപ**

മികച്ച ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കി ആരോഗ്യരംഗത്തെ സേവനങ്ങൾ ജനസൌഹൃദമാക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. പഞ്ചായത്തിലെ ഹോമിയോ ആയുർവേദ ഡിസ്പെൻസറികൾ എന്നിവയ്ക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

ആരോഗ്യമേഖലയിൽ **4000000/-** രൂപ വകയിരുത്തിയിട്ടുണ്ട്.
പൊതു ആരോഗ്യ പരിപാടികൾ പാലിയേറ്റീവ് പരിചരണം- **1100000/-** രൂപ
അതി ദരിദ്രരുടെ മരുന്നു വാങ്ങൽ- **200000/-** രൂപ

14 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നമ്മുടെ ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. ഓരോ കുട്ടിയുടേയും അടിസ്ഥാന വികസനത്തിന് രാഷ്ട്രം

പടുത്തുയർത്തുന്ന അടിത്തറയാണ് പ്രാഥമിക വിദ്യാഭ്യാസം. പ്രാഥമിക വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും വേണ്ടി വകയിരുത്തുന്ന തുക ഇപ്രകാരമാണ്.

വിദ്യാഭ്യാസമേഖലയ്ക്ക് **8000000/-** രൂപ വകയിരുത്തിയിട്ടുണ്ട്.

സർവ ശിക്ഷഅഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും-**1300000/-** രൂപ
വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ - **2050000/-** രൂപ
അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി -**3260000/-** രൂപ
അങ്കണവാടി അനുബന്ധ സൌകര്യങ്ങൾ - **3100000/-** രൂപ
സാക്ഷരത - **310000/-** രൂപ
കലാ സാംസ്കാരികമേഖല - **200000/-** രൂപ

സാമൂഹിക ക്ഷേമത്തിന് വേണ്ടി പരമാവധി പണം ചെലവഴിക്കുക എന്നത് ഓരോ പ്രാദേശിക സർക്കാരിൻറെയും പ്രധാന നയമാണ്. ക്ഷേമ പദ്ധതികൾക്കായി ബജറ്റ് പണം ചെലവിടാൻ നിയന്ത്രണം വെച്ചിട്ടില്ല. എന്നാൽ പദ്ധതിപ്പണം ചെലവിടാൻ നമ്മൾ തികഞ്ഞ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

ഭവനനിർമ്മാണത്തിന് **11000000/-** രൂപ ബജറ്റിൽ വകയിരുത്തുന്നു.

താഴപ്പറയുന്ന തുകകൾ സാമൂഹ്യക്ഷേമത്തിനായി വകയിരുത്തുന്നു.

അതിദരിദ്രർക്ക് മരുന്നു വാങ്ങൽ ഭക്ഷണകിറ്റ് വിതരണം-**300000/-** രൂപ
പോഷകാഹാരം, മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ - **85,00,000/-** രൂപ വീതം
സാമൂഹ്യ സുരക്ഷാ പെൻഷനുകൾ (സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ) -**14,35,20,000/-** രൂപ
കമ്പ്യൂട്ടർവത്കരണം - **170000/-** രൂപ
കുടിവെള്ളം -**250000/-** രൂപ

ഇന്ത്യൻ ഭരണഘടന തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവകാശം ഓരോ പൌരൻറെയും മൗലികാവകാശമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ലിംഗവിവേചനവും സാമ്പത്തികാന്തരങ്ങളും കാരണം ഏതെങ്കിലും ഒരു ഉപജീവനമാർഗം തിരഞ്ഞെടുക്കാനും നയിക്കാനും മിക്ക സ്ത്രീകൾക്കും കഴിയാറില്ല. വനിതകൾ ഒറ്റയ്ക്കും കൂട്ടായും ഉപജീവനമാർഗ്ഗ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പ്രവർത്തിക്കേണ്ടതാണ് എന്ന തിരിച്ചറിവിലാണ് വനിതാക്ഷേമം ഊന്നൽ നല്കി ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്

വൃദ്ധജനസംഖ്യ ഏറ്റവും കൂടുതലുള്ളത് ഗ്രാമങ്ങളിലാണ്. നമ്മുടെ പ്രദേശത്തെ മുതിർന്ന പൌരൻമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പൊതുസമൂഹം ഇനിയും ഗൌരവകരമായി പരിഗണിച്ചിട്ടില്ല. വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുക ഇപ്രകാരമാകുന്നു.

വൃദ്ധക്ഷേമ പരിപാടികൾ - **2200000/-** രൂപ

പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം സാധ്യമാക്കുന്നതിന് ഈ ബജറ്റ് ഊന്നൽ നൽകുന്നു. പട്ടികജാതി ക്ഷേമത്തിനായി **15184000/-** രൂപ വകയിരുത്തുന്നുണ്ട്

## <u>പശ്ചാത്തല മേഖലയ്ക്ക് -24274000/-</u> രൂപ

ഉത്പാദന മേഖലയിലും സേവന മേഖലയിലും തുക വകയിരുത്തിക്കഴിയുമ്പോൾ പലപ്പോഴും പശ്ചാത്തല മേഖലയിൽ തുക വകയിരുത്തുന്നതിന് ഫണ്ട് തികയാതെ വരുന്ന സാഹചര്യമുണ്ട്. ഇതിന് പരിഹാരമായി ചെറിയ ആസ്തികൾ സൃഷ്ടിക്കുന്നതിന് മഹാത്മാഗാന്ധിദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്താവുന്നതാണ്. പശ്ചാത്തല മേഖലയിലെ വകയിരുത്തലുകൾ ഇപ്രകാരമാകുന്നു.

തെരുവ് വിളക്ക് അറ്റകുറ്റപ്പണി-**24,00,000/-** രൂപ
റോഡുകൾ, - **24050000/-** രൂപ
സ്ട്രീറ്റ് മെയിന് എക്സ്റ്റനൻഷന്-**600000/-** രൂപ

അറ്റകുറ്റപ്പണിക്കും സംരക്ഷണത്തിനുമുള്ള മെയിന്റനൻസ് ഫണ്ടുകളുടെ വകയിരുത്തലുകൾ ഇപ്രകാരമാകുന്നു.

റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ – **24050000/–** രൂപ
റോഡ്ഇതരആസ്തികൾക്കുള്ളമെയിന്റനൻസ്പ്രോജക്ടുകൾ–**7582400/–** രൂപ

സദ്ഭരണം തന്നെയായിരിക്കണം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ലക്ഷ്യമിടേണ്ടത്. നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നതിന്റെ തെളിവാണ് നമുക്ക് ലഭിച്ചിട്ടുള്ള ഐ.എസ്.ഒ സർട്ടിഫിക്കേഷൻ. എന്നിരുന്നാലും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ ഗുണനിലവാരം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇനിയും മെച്ചപ്പെടുത്തുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്.
ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിൻറെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തനത്ഫണ്ട് സമാഹരണത്തിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബഡ്ജറ്റിൻറെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴചപ്പാട് പ്രാവർത്തികമാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്, നാളിതുവരെ ഗ്രാമപഞ്ചായത്തിൻറെ പദ്ധതി പ്രവർത്തനങ്ങളിലും ഭരണകാര്യങ്ങളിലും സേവനങ്ങളിലും സഹകരിച്ച ജനപ്രതിനിധികൾ, ജീവനക്കാർ, നിർവഹണ ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങി എല്ലാവരേയും നന്ദിപൂർവം സ്മരിച്ചു കൊണ്ട് **18399108/–** പ്രാരംഭബാക്കി ഉൾപ്പെടെ **621690408/–** രൂപ വരവും , **585426325** /– രൂപ ചെലവും **17864975** /–രൂപ മിച്ചവുമാണ് ഈ ബജറ്റിൽ പ്രതീക്ഷിക്കുന്നത്.